## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*1 — 28.05.2019 ൽ മറുപടിക്ക്

### സർക്കാർ ആശുപത്രികളുടെ നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. സ്വരാജ്<br>,, വി. ജോയി<br>,, ഒ. ആർ. കേളു<br>,, മുരളി പെരുനെല്ലി | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനം ആരോഗ്യ രംഗത്ത് കൈവരിച്ച നേട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിനായി, പാവപ്പെട്ടവർ ആശ്രയിക്കുന്ന സർക്കാർ ആശുപത്രികൾ മെച്ചപ്പെടുത്താൻ നടത്തുന്ന പ്രവർത്തനം വിശദമാക്കാമോ; | (എ) | സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തുന്നതിനും ആധുനിക രീതിയിലുള്ള ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗം ഡോക്ടർമാരടക്കമുള്ള അധിക ജീവനക്കാരെ നിയമിച്ച് ആരോഗ്യ സേവനങ്ങൾ വിപുലപ്പെടുത്തുന്നതിനും ഉള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നത് വഴി മെച്ചപ്പെട്ട ചികിൽസാ സൗകര്യങ്ങൾ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ തന്നെ ലഭ്യമാക്കുന്നതിനും, ജില്ലാ/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിനും തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോട് കൂടിയ ചികിൽസാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ മാത്രം ലഭ്യമായിരുന്ന കാത്ത് ലാബ് സൗകര്യങ്ങൾ ജില്ലാ/ജനറൽ ആശുപത്രികളിൽ തുടങ്ങി. താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ കൂടുതലായി ആരംഭിച്ചു.<br><br>കാൻസർ സെന്ററുകളിൽ മാത്രം ലഭ്യമായിരുന്ന ചികിൽസ മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കും വിധം മെഡിക്കൽ കോളേജുകളിൽ ഓങ്കോളജി, ഓങ്കോ പാത്തോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കുകയും ഇതിലേക്കായി അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു.<br><br>കൊച്ചി കാൻസർ സെന്ററിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും ഇതോടൊപ്പം അടിസ്ഥാന സൗകര്യ വികസനത്തിനുമായുള്ള 385 കോടി |

രൂപയുടെ കിഫ്ബി ധനസഹായത്തോടുകൂടിയുള്ള നിർമ്മാണ പ്രവർത്തികൾ) നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ ജില്ലാ കാൻസർ കെയർ പ്രോഗ്രാം നടപ്പിലാക്കി വരുന്നുണ്ട്, ഇതിന്റെ ഫലമായി ജില്ലാ/ജനറൽ ആശുപത്രികളിൽ കീമോ തെറാപ്പി സൗകര്യം രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്.

മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന്റെ ഭാഗമായി ഓരോ മെഡിക്കൽ കോളേജിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കികൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചും, MRI ഉൾപ്പെടെയുള്ള അത്യാധുനിക ഉപകരണങ്ങൾ സ്ഥാപിച്ചും, അധ്യാപക - അനധ്യാപക തസ്തികകൾ സൃഷ്ടിച്ചും, പുതിയ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിച്ചും, പി.ജി സീറ്റുകൾ വർധിപ്പിക്കുകയും മെഡിക്കൽ കോളേജുകളിൽ മെച്ചപ്പെട്ട ചികിത്സ സൗകര്യങ്ങൾ വർധിപ്പിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പാരിപ്പള്ളിയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തനം ആരംഭിച്ചു. കൂടാതെ കണ്ണൂർ പരിയാരത്ത് പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തു.

സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ കൈക്കൊണ്ടു വരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- ആരോഗ്യവകുപ്പിന്റെ പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട്, നബാർഡ്, ദേശീയ ആരോഗ്യ മിഷൻ, എം.പി./എം.എൽ.എ. ആസ്തി വികസന ഫണ്ട്, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട്, തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് തുടങ്ങിയവ വഴി മാസ്റ്റർ പ്ലാന് ഊന്നൽ കൊടുത്തുകൊണ്ടുള്ള അടിസ്ഥാന വികസന പ്രവർത്തനങ്ങളാണ് വിവിധ സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കി വരുന്നത്.
- എം.ആർ.ഐ., സി.റ്റി. സ്കാനുകൾ, കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ് തുടങ്ങിയ ആധുനിക ആശുപത്രി ഉപകരണങ്ങളും ചികിത്സാ സംവിധാനങ്ങളും, ആരോഗ്യ

| | | |
|---|---|---|
| | | വകുപ്പിന്റെ വിവിധ പ്ലാൻ ഫണ്ടുകൾ. കിഫ്ബി. എൻ.എച്ച്.എം. ഫണ്ട് തുടങ്ങിയവ വഴി ലഭ്യമാക്കി ചികിത്സാ സംവിധാനങ്ങൾ ആധുനികവൽക്കരിച്ചു വരുന്നു.<br><br>• മാതൃശിശു ആരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രികൾ ശക്തിപ്പെടുത്തുന്നതിനും പുതിയവ ആരംഭിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും ആരോഗ്യവകുപ്പിന്റെ പ്ലാൻ ഫണ്ട് വഴിയും, എൻ.എച്ച്.എം. ഫണ്ട് വഴിയും നടത്തിവരുന്നു.<br><br>• ആർദ്രം മിഷന്റെ ഭാഗമായി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽപ്പെട്ട ഡോക്ടർമാരുടേതടക്കം വിവിധ വിഭാഗം ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ചും ആവശ്യമായ പരിശീലനങ്ങൾ നൽകികൊണ്ടും ആശുപത്രി സേവനങ്ങൾ ശക്തിപ്പെടുത്തി വരുന്നു.<br><br>• ആർദ്രം മിഷൻറെ ഭാഗമായി ജില്ലാ/താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന പ്രവർത്തനങ്ങളും (സ്റ്റാന്റൈഡൈസേഷൻ ഓഫ് ഹോസ്പിറ്റൽസ്) മെഡിക്കൽ കോളേജ്/ജില്ലാ/താലൂക്ക് ആശുപത്രികളിലെയും ഒ.പി. വിഭാഗങ്ങൾ രോഗീ സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും (ഒ.പി. ട്രാൻസ്ഫോർമേഷൻ) നടന്നു വരുന്നു.<br><br>**<u>ലിംബ് ഫിറ്റിംഗ് സെന്ററുകൾ</u>**<br><br>സർക്കാർ ആശുപത്രികൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ലിംബ് ഫിറ്റിംഗ് സെന്ററുകൾ ശക്തിപ്പെടുത്തുന്നതിനായി 2018 - 2019 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ അനുവദിക്കുകയും ഇത് അതത് ജില്ലാ മെഡിക്കൽ ഓഫീസർമാർ വഴി ചിലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ സെന്ററുകളുടെ ശാക്തീകരണത്തിനായി 2018 - 19 സാമ്പത്തിക വർഷത്തിൽ 500 ലക്ഷം രൂപ അനുവദിച്ചതിൽ 250 ലക്ഷം രൂപ വിവിധ പി.എം.ആർ. യൂണിറ്റുകളിൽ പി. എം. ആർ. ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് വകയിരുത്തുകയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ഉപകരണങ്ങൾ വാങ്ങി നൽകിയും വരുന്നു. ഇത് കൂടാതെ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പി.എം.ആർ. യൂണിറ്റിനോടനുബന്ധിച്ച് പുതിയ ബ്രെയിൻ ആന്റ് |

2018-2019 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 5,27,56,487/- രൂപ കാത്ത് ലാബിന്റെ ശാക്തീകരണത്തിനായി ജനറൽ ആശുപത്രി എറണാകുളം, പാലക്കാട്, തിരുവനന്തപുരം എന്നീ സ്ഥാപനങ്ങളിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് നൽകിയിട്ടുണ്ട്.

**വൃക്കരോഗ ചികിത്സ-ഡയാലിസിസ്**

പൊതുജനാരോഗ്യ സംവിധാനം ശാക്തീകരിക്കുന്നതിന് കേരളത്തിൽ 84 സർക്കാർ ആശുപത്രികളിൽ ഇപ്പോൾ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 2019 -ഓടെ കൂടുതൽ ഡയാലിസിസ് യൂണിറ്റുകൾ കൂടി പ്രവർത്തന സജ്ജമാക്കും. ഈ സ്ഥാപനങ്ങളിൽ വളരെ കുറഞ്ഞ ചെലവിൽ 400 - 600 രൂപ വരെ നിരക്കിൽ ഡയാലിസ്സിസ് സൗകര്യം ലഭ്യമാക്കുന്നുണ്ട്. കൂടാതെ 2018 - 2019 സാമ്പത്തിക വർഷത്തിലേയ്ക്ക് പ്രധാനപ്പെട്ട താലൂക്ക് ആശുപത്രികളിൽ ഡയാലിസ്സിസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയുണ്ട്.

2017 - 2018 സാമ്പത്തിക വർഷത്തിൽ പ്ലാൻ പദ്ധതി പ്രകാരം താലൂക്ക് ആശുപത്രി നെടുങ്ങോലം, താലൂക്ക് ആശുപത്രി വർക്കല, താലൂക്ക് ആശുപത്രി കട്ടപ്പന, താലൂക്ക് ആശുപത്രി അടിമാലി, താലൂക്ക് ആശുപത്രി ആറ്റിങ്ങൽ എന്നിവിടങ്ങളിൽ ഡയാലിസ്സിസ് യൂണിറ്റ് തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2019 -ഓടു കൂടി ഇതു പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്ത് ആകെ ജനസംഖ്യയുടെ 5-7 ശതമാനം പേർ ക്രോണിക് കിഡ്നി ഡിസ്സീസ് ഉള്ളവരാണ്. അനിയന്ത്രിതമായ ഡയബെറ്റിക്സ്, രക്തസമ്മർദ്ദം എന്നിവയാണ് പ്രധാന കാരണം. ഇത് ക്രോണിക് കിഡ്നി ഡിസ്സീസ് എന്ന അവസ്ഥയുണ്ടാക്കുന്നു. ഇവർക്ക് കിഡ്നി മാറ്റിവയ്ക്കേണ്ട അവസ്ഥയുണ്ടാക്കുന്നു. അനുയോജ്യമായ കിഡ്നി ലഭിക്കാത്തതുകൊണ്ടും സാമ്പത്തിക പരാധീനതകൊണ്ടും ഇതിൽ അധികം പേർക്കും ഡയാലിസ്സിസ് എന്ന ചികിത്സാ രീതി സ്വീകരിക്കേണ്ടി വരുന്നു. ഇപ്പോൾ പ്രവർത്തനത്തിലുള്ള ഡയാലിസ്സിസ് സെന്റർ മുഖേന 2994 പേർക്ക് ചികിത്സ ലഭ്യമാക്കുന്നു. 2019 -ൽ കൂടുതൽ ഡയാലിസ്സിസ് യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കുന്നതോടു കൂടി 6000 പേർക്ക് ഡയാലിസ്സിസ് നൽകുവാൻ സാധിക്കുന്നതാണ്. സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ (നെഫ്രോളജിസ്റ്റ്) ലഭ്യത ഉള്ളതുകൊണ്ട് ഇപ്പോൾ Acute kidney injury-ക്ക്

Nephrologists--നെ നിയമിച്ചിട്ടുള്ള ജനറൽ ആശുപത്രികൾ വഴി ഡയാലിസ്സിസ് നൽകുവാൻ സാധിക്കുന്നുണ്ട്. കിഫ്ബിയിൽ ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിൽ 44 ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുവാൻ നിശ്ചയിച്ചതിൽ 37 കേന്ദ്രങ്ങളുടെ പ്രവർത്തി പൂർത്തിയായി, മറ്റുള്ളവയുടെ പ്രവർത്തി അന്തിമഘട്ടത്തിലാണ്. ഇതിന് പുറമെ 22 ആശുപത്രികളിലായി 100 ഡയാലിസിസ് യൂണിറ്റുകൾ കൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**ട്രോമ കെയർ**

വാഹനാപകടങ്ങളിൽ ഗുരുതരമായി പരിക്കേൽക്കുന്ന രോഗികളുടെ ജീവൻ രക്ഷിക്കുന്നതിന് പ്രധാനപ്പെട്ട ജനറൽ ആശുപത്രി/ ജില്ലാ ആശുപത്രി/ താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ഘട്ടംഘട്ടമായി അത്യാഹിത വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ഏർപ്പെടുത്തിവരുന്നു. 2015-2016 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ട് 249.953 ലക്ഷം രൂപ ഉപയോഗിച്ച് ചുവടെ പരാമർശിച്ചിരിക്കുന്ന ആശുപത്രികളിൽ ട്രോമ കെയർ ഉൾപ്പെട്ട അത്യാഹിത വിഭാഗം-മറ്റ് അത്യാഹിതങ്ങളായ Heart attack, Pulmonary edema, Acute severe Asthmas, Snake bite, Poisoning, Drowning എന്നിവ കൈകാര്യം ചെയ്യുന്നതിനും അത്യാഹിത വിഭാഗം ശക്തിപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**2015-2016 -ലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് താഴെപ്പറയുന്ന ആശുപത്രികളിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് തുക അനുവദിച്ചു**

1. ജനറൽ ആശുപത്രി, ആറ്റിങ്ങൽ
2. താലൂക്ക് ആശുപത്രി, നെയ്യാറ്റിൻകര
3. താലൂക്ക് ആശുപത്രി, കാഞ്ഞങ്ങാട്
4. താലൂക്ക് ആശുപത്രി, പുനലൂർ
5. താലൂക്ക് ആശുപത്രി, കൊല്ലം

| | |
|---|---|
| 6. താലൂക്ക് ആശുപത്രി കായംകുളം - | സി.റ്റി. സ്കാൻ വാങ്ങുന്നതിന് തുക അനുവദിച്ചു |

**2016-2017 -ലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച്**

| | |
|---|---|
| താലൂക്ക് ആശുപത്രി, കൊട്ടാരക്കര | 88.3 ലക്ഷം രൂപ ഉപകരണങ്ങൾ വാങ്ങുന്നതിന് |
| താലൂക്ക് ആശുപത്രി, ചാലക്കുടി | സി.റ്റി. സ്കാൻ വാങ്ങുന്നതിന് 1.42 കോടി രൂപ അനുവദിച്ചു |

| | |
|---|---|
| ജില്ലാ ആശുപത്രി. കൊല്ലം | 4,03,576/- രൂപ ഉപകരണങ്ങൾ വാങ്ങുന്നതിന് |
| **2017-2018 -ലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച്** | |
| ജനറൽ ആശുപത്രി. അടൂർ | 70,00,000/- രൂപ (ഇൻഫ്രാസ്ട്രക്ചർ) |
| താലൂക്ക് ആശുപത്രി, കൊയിലാണ്ടി | 4,35,35,480/- (സി.ടി. സ്കാനർ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും) |
| താലൂക്ക് ആശുപത്രി, നീണ്ടകര | 1,55,37,758/- (കാഷ്വാലിറ്റി ബ്ലോക്ക്) |
| താലൂക്ക് ആശുപത്രി, കൊട്ടാരക്കര | 1,93,86,762/- (സി.ടി. സ്കാനർ) |
| താലൂക്ക് ആശുപത്രി, കൊയിലാണ്ടി | 65,00,000/- (ഫാബ്രിക്കേഷൻ വർക്ക്) |
| **2018-2019 -ലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിന്**<br>ജില്ലാ ആശുപത്രി, കൊല്ലം - 1,80,48,800/-<br>ജനറൽ ആശുപത്രി, നെയ്യാറ്റിൻകര - 1,25,86,820/-<br>ജില്ലാ ആശുപത്രി, നെടുമങ്ങാട് - 37,46,400/-<br>ജനറൽ ആശുപത്രി. ആലപ്പുഴ - 1,53,87,980/-<br>ജില്ലാ ആശുപത്രി, പാലക്കാട് - 1,60,00,000/-<br>റോഡ് സേഫ്റ്റി ഫണ്ട് തുക ഉപയോഗിച്ച് (2.56 കോടി രൂപ ) താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഉപകരണങ്ങൾ, ആംബുലൻസ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.<br>താലൂക്ക് ആശുപത്രി, ഹരിപ്പാട് - ഉപകരണങ്ങൾ<br>താലൂക്ക് ആശുപത്രി, പയ്യന്നൂർ - ഉപകരണങ്ങൾ<br>താലൂക്ക് ആശുപത്രി, വടകര - ആംബുലൻസ്<br>താലൂക്ക് ആശുപത്രി. കോട്ടപ്പുറം- ആംബുലൻസ്<br>താലൂക്ക് ആശുപത്രി, പത്തനംതിട്ട- ആംബുലൻസ്<br>താലൂക്ക് ആശുപത്രി, ചാലക്കുടി - ആംബുലൻസ്<br>താലൂക്ക് ആശുപത്രി, ആലത്തൂർ- ആംബുലൻസ്<br>താലൂക്ക് ആശുപത്രി, കരുനാഗപ്പള്ളി- ആംബുലൻസ്<br>ജനറൽ ആശുപത്രി, അടൂർ - ഉപകരണങ്ങൾ<br>താലൂക്ക് ആശുപത്രി, അടിമാലി - ഉകരണങ്ങൾ<br>താലൂക്ക് ആശുപത്രി, ആലുവ - ഉപകരണങ്ങൾ<br>താലൂക്ക് ആശുപത്രി. കുഴൽമന്ദം - ഉപകരണങ്ങൾ<br>താലൂക്ക് ആശുപത്രി. മഞ്ചേരി - ഉപകരണങ്ങൾ<br>താലൂക്ക് ആശുപത്രി. കാസർഗോഡ് - ഉപകരണങ്ങൾ | |

താലൂക്ക് ആശുപത്രി. ആറ്റിങ്ങൽ - ഉപകരണങ്ങൾ

2015-2016 -ലെ ഫണ്ട് ഉപയോഗിച്ച് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർക്ക് എമർജൻസി മെഡിക്കൽ കെയർ എന്ന വിഷയം സംബന്ധിച്ച് ട്രെയിനിംഗ് നൽകിയിട്ടുണ്ട്.

National Trauma Care Fund ഉപയോഗിച്ച് ജനറൽ ആശുപത്രി എറണാകുളം. കണ്ണൂർ എന്നിവിടങ്ങളിൽ ട്രോമോകെയർ വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്.

ഇതു കൂടാതെ KSTP മുഖേന Safe Corridor പദ്ധതി പ്രകാരം എം.സി. റോഡിലെ അടൂർ - കഴക്കൂട്ടം റോഡിൽ ജനറൽ ആശുപത്രി അടൂർ. താലൂക്ക് ആശുപത്രി കൊട്ടാരക്കര, പ്രാഥമികാരോഗ്യ കേന്ദ്രം വാമനപുരം, സാമൂഹികാരോഗ്യ കേന്ദ്രം കന്യാകുളങ്ങര എന്നീ സ്ഥാപനങ്ങളിൽ 7.44 കോടി രൂപയുടെ ഉപകരണങ്ങൾക്കും രണ്ട് ആംബുലൻസുകൾക്കും അനുമതി നൽകിയിട്ടുണ്ട്.

**<u>മാതൃശിശു ക്ഷേമം</u>**

പ്രസവം നടക്കുന്ന ആശുപത്രികളിൽ മാതൃമരണ നിരക്ക് കുറയ്ക്കുന്ന പദ്ധതിയുടെ ഭാഗമായി സർക്കാർ ആശുപത്രികളിലെ പ്രസവമുറിയിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്കും ഗൈനക്കോളജിസ്റ്റിനും പരിശീലനം നൽകി നാഷണൽ ഹെൽത്ത് മിഷന്റെ സഹായത്തോടെ പ്രസവം നടത്തുന്ന ആശുപത്രികളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി വരുന്നു. ഡിസ്പോസിബിൾ ഡെലിവറി കിറ്റ്, സിസേറിയൻ കിറ്റ് എന്നിവ നടപ്പിലാക്കി.

ആശുപത്രികളിൽ അണുബാധ നിയന്ത്രിക്കുന്നതിനുള്ള പദ്ധതി നാഷണൽ ഹെൽത്ത് മിഷന്റെ സഹായത്തോടെ പ്രസവം നടക്കുന്ന ആശുപത്രികളിൽ ആധുനിക മെഡിക്കൽ ഉപകരണങ്ങൾ നൽകി.

2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ കേരളമൊട്ടാകെയുള്ള ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് എൻ.എച്ച്.എം. മുഖേന 315.72 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ ഒ.പി. വിഭാഗം രോഗീ സൗഹൃദമാക്കുന്നതിന് 213.64 കോടി രൂപ അനുവദിച്ചിട്ടുണ്ട്. എല്ലാ നിർമ്മാണ പ്രവൃത്തികളും ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. സംസ്ഥാനത്ത് 2017-18 സാമ്പത്തിക വർഷത്തോടെ എല്ലാ ജില്ലകളിലും മാനസികാരോഗ്യ പരിപാടി നടപ്പിലാക്കി. ഇത് വഴി 25.000-ൽ പരം രോഗികൾക്ക് അവരുടെ വീടിനു

| | | |
|---|---|---|
| | | അടുത്തു തന്നെ മാനസിക രോഗ ചികിത്സ ലഭ്യമാക്കുന്നു.<br>ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായ സമഗ്രമാനസികാരോഗ്യ പദ്ധതിയിൻ കീഴിൽ മാനസിക രോഗികൾക്കുള്ള 29 പകൽ വീടുകൾ പ്രവർത്തിച്ചുവരുന്നു. അവർക്കുള്ള ചികിത്സ, തൊഴിലധിഷ്ഠിത പുനരധിവാസം എന്നിവ ഇവിടെ നൽകി വരുന്നു.<br>ഇതിനു പുറമെ 'സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി' വഴി ആശമാരുടെ സേവനം ഉപയോഗിച്ച് മാനസിക പ്രശ്നങ്ങൾ, വൈകല്യങ്ങൾ, രോഗങ്ങൾ, ലഹരിവസ്തുക്കളുടെ ഉപയോഗം, കുട്ടികളുടേയും കൗമാരക്കാരുടേയും മാനസിക പ്രശ്നങ്ങൾ, ആത്മഹത്യ പ്രവണത, മറവിരോഗം, വിഷാദരോഗം തുടങ്ങിയവയ്ക്ക് എല്ലാം ചികിത്സ ലഭ്യമാക്കുന്നതിനായി ഓരോ പഞ്ചായത്തിലും 50 മുതൽ 120 രോഗികളെ വരെ ഈ പദ്ധതിയിലൂടെ ചികിത്സയിലേക്ക് കൊണ്ട് വരാൻ കഴിയുന്നുണ്ട്. ഈ പദ്ധതി വഴി രോഗികൾക്ക് അവരുടെ പഞ്ചായത്തിൽ തന്നെ മനോരോഗ ചികിത്സ ഉറപ്പാക്കുന്നു.<br>സമൂഹത്തിൽ 5-10 ശതമാനം വരെ ജനങ്ങൾക്ക് വിഷാദ രോഗം ഉണ്ടെന്ന് പഠനങ്ങൾ പറയുന്നു. ഇത് പ്രാഥമികാരോഗ്യ തലത്തിൽ തന്നെ കണ്ടെത്തി ചികിത്സ നൽകുവാൻ ആശ്വാസം എന്ന പേരിൽ 2017 ലോകാരോഗ്യ ദിനത്തിൽ സംസ്ഥാനത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വിഷാദ ചികിത്സാ പദ്ധതി നടപ്പിലാക്കി. കൂടാതെ സർക്കാർ മാതൃ-ശിശു മാനസികാരോഗ്യ സംരക്ഷണ പദ്ധതി - 'അമ്മ മനസ്സ്' എന്ന പേരിൽ നടപ്പിലാക്കുവാൻ വേണ്ട പ്രാരംഭ നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.<br>**<u>അമൃതം ആരോഗ്യം പദ്ധതി</u>**<br>ജീവിത ശൈലീ രോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പിനു കീഴിലുള്ള ആശുപത്രികളിൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ മാത്രം ലഭിച്ചിരുന്ന സേവനങ്ങൾ ഉൾപ്പെടുത്തി സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഏറെ സങ്കീർണ്ണവും ചിലവേറിയതുമായ പക്ഷാഘാത ചികിത്സ സൗജന്യമായി നൽകുന്നതിന് സ്ട്രോക്ക് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഹൃദ്രോഗ ചികിത്സയ്ക്ക് കോറോണറി കെയർ യൂണിറ്റുകൾ ജില്ലാ ആശുപത്രികളിൽ സജ്ജീകരിച്ചിട്ടുണ്ട്. നേത്രപടലാന്ധത കണ്ടെത്തുന്നതിന് നോൺമെഡിയാട്രിക് ക്യാമറകൾ എല്ലാ ജില്ലാ ആശുപത്രികളിലും പ്രവർത്തന ക്ഷമമാണ്. പെരിറ്റോണിയൽ ഡയാലിസിസ് (സി.എ.പി.ഡി.) യൂണിറ്റുകൾ മൂന്ന് ജില്ലാ ആശുപത്രികളിൽ |

ആരംഭിക്കുകയും മറ്റു ജില്ലകളിൽ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. ഗുരുതര ശ്വാസകോശരോഗമായ സി.ഒ.പി.ഡി. നിർണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ശ്വാസ് ക്ലിനിക്കുകൾ ജില്ലാ ആശുപത്രികളിലും തെരഞ്ഞെടുത്ത താലൂക്ക് ആശുപത്രികളിലും ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ, ഡയബറ്റിക് ഫുട്ട് ക്ലിനിക്ക്, വൃക്കരോഗനിർണയ ക്ലിനിക്, ഫിസിയോതെറാപ്പി, പുകയില വിമുക്ത സേവനം എന്നിവയും ജില്ലാ ആശുപത്രികളിൽ പ്രവർത്തിച്ചു വരുന്നു.

**ദേശീയ ബധിരത നിവാരണ നിയന്ത്രണ പദ്ധതി**

എൻ.പി.പി.സി.ഡി. (നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഡെഫ്നെസ്സ്) എന്ന പദ്ധതി നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ ചെവിയും കേൾവിയും ബന്ധപ്പെട്ട രോഗങ്ങൾ നിർണയിക്കുവാനും നിയന്ത്രിക്കുവാനും ഉള്ളതാണ്. കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകളുടെ ഫണ്ട് ഉപയോഗിച്ച് ഇതു പ്രവൃത്തിച്ചു വരുന്നു. എല്ലാ ജില്ലകളിലും തിരഞ്ഞെടുക്കപ്പെട്ട ഒരു ജനറൽ ആശുപത്രിയോ ഒരു ജില്ലാ ആശുപത്രിയോ കേന്ദ്രമാക്കി ഈ പദ്ധതി പ്രവർത്തിച്ചുവരുന്നു. 14 കേന്ദ്രങ്ങളിലും നാഷണൽ പ്രോഗ്രാം ഫോർ പ്രിവെൻഷൻ ആന്റ് കൺട്രോൾ ഓഫ് ഡെഫ്നെസ്സ് എന്ന പ്രോഗ്രാമിനു വേണ്ടി നിയമിതരായ ഉദ്യോഗസ്ഥരുണ്ട്. ചെവിയുടെ ശസ്ത്രക്രിയയിൽ വിദഗ്ധരായ ഒരു ഇ.എൻ.ടി. സ്പെഷ്യലിസ്റ്റ് ഡോക്ടറും 3 ഓഡിയോളജി സ്റ്റാഫും ആണ് ഉദ്യോഗസ്ഥരായിട്ടുള്ളത്. ഈ പ്രോഗ്രാമിന്റെ ശരിയായ പ്രവർത്തനത്തിനു വേണ്ടിയുള്ള ഉപകരണങ്ങൾ നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം.) ഫണ്ട് മുഖേന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ.) വഴി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും വിതരണം പൂർത്തീകരിക്കുകയും താലൂക്ക് ആശുപത്രികളിലേക്കും കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ (സി.എച്ച്.സി.), പ്രൈമറി ഹെൽത്ത് സെന്റർ (പി.എച്ച്.സി.) കളിലേക്കും വേണ്ട ഉപകരണങ്ങളുടെ കൈമാറ്റം നടത്തുകയും ചെയ്തുവരുന്നു.

പ്രാഥമികാരോഗ്യ തലത്തിൽ മാതൃ-ശിശു ആരോഗ്യ സേവനങ്ങളുമായി പ്രവർത്തിക്കുന്ന ജെ.പി.എച്ച്.എൻ., പി.എച്ച്.എൻ., സ്റ്റാഫ് നേഴ്സുമാർ, ഡോക്ടർമാർ എന്നിവർക്ക് ഈ പദ്ധതിയിൻ പ്രകാരം പരിശീലനം നൽകുന്നു. അതിൻപ്രകാരം ഗർഭിണിയായിരിക്കുമ്പോഴും, പ്രസവാനന്തരം കുഞ്ഞിന്റെ പ്രതിരോധ കുത്തിവെയ്പ്പിന്റെ സമയങ്ങളിലും അമ്മമാർക്ക്

മാനസിക പ്രശ്നങ്ങളുടെ പരിശോധന പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് നടത്തുന്നു. മാനസിക പ്രശ്നങ്ങൾ ഉള്ളവരെ കണ്ടെത്തുന്ന പക്ഷം അവർക്ക് അതിനുള്ള ചികിത്സ നൽകുകയും കൂടുതൽ ബുദ്ധിമുട്ടുള്ളവരെ മാനസികാരോഗ്യ ചികിത്സയ്ക്കായി ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളിൽ നടത്തുന്ന ക്ലിനിക്കുകൾ റഫർ ചെയ്യുന്നു

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ രാജ്യത്തിനുതന്നെ മാതൃകയാകുന്ന രീതിയിൽ വികസിപ്പിക്കാനുള്ള യത്നത്തിന്റെ ഫലമായി എത്ര പി.എച്ച്.സി.കൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് അക്രെഡിറ്റേഷൻ ലഭിച്ചു; പ്രസ്തുത അംഗീകാരം കൈവരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ് അക്രഡിഷൻ ലഭിച്ച പി.എച്ച്.സി. -കൾ താഴെ പറയുന്നു.

| | | | | |
|---|---|---|---|---|
| 1. | PHC Chittarikkal | Kasargod | 92% | NQAS Accredited |
| 2. | PHC Narkilakkad | Kasargode | 93% | |
| 3. | FHC Thirunavaya | Malappuram | 89% | |
| 4. | FHC Kanchiyar | Idukki | 91% | |
| 5. | FHC Mutholi | Kottayam | 90% | |
| 6. | FHC Noolpuzha | Wayand | 98% | |
| 7. | PHC Purakkad | Alappuzha | 96% | |
| 8. | FHC Peruvemba | Palakkad | 81% | |
| 9. | FHC Chemmaruthy | Trivandrum | 88% | |
| 10. | FHC Karindalam | Kasargode | 96% | |
| 11. | FHC Valiyaparamba | Kasargode | 97% | |
| 12. | FHC Kayyur | Kasargode | 99% | |
| 13. | FHC Valapattanam | Kannur | 97% | |
| 14. | FHC Therthally | Kannur | 95% | |

പ്രസ്തുത അംഗീകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് ലഭിക്കുന്നതിന് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച എൻ.ക്യു.എ.എസ്. ചെക്ക് ലിസ്റ്റ് പ്രകാരം സെൽഫ് അസസ്മെന്റ്, ജില്ലാ തല അസസ്മെന്റ്, സംസ്ഥാന തല അസസ്മെന്റ് എന്നിവ എൻ.ക്യു.എ.എസ്. ചെക്ക്ലിസ്റ്റ് ഉപയോഗിച്ച് നടത്തേണ്ടതാണ്. എൻ.ക്യു.എ.എസ്. ചെക്ക്ലിസ്റ്റിൽ 8 ഏര്യകളായി തിരിച്ചിരിക്കുന്നു.

1. സർവ്വീസ് പ്രൊവിഷൻ
2. പേഷ്യന്റ് റൈറ്റ്സ്
3. ഇൻപുട്ട്സ് അഥവാ പശ്ചാത്തല സൗകര്യം
4. സപ്പോർട്ടീവ് സർവ്വീസസ്
5. ക്ലിനിക്കൽ സർവ്വീസസ്
6. ഇൻഫെക്ഷൻ കൺട്രോൾ
7. ക്വാളിറ്റി മാനേജ്മെന്റ്
8. ഔട്ട്കം ഇന്റിക്കേറ്റേഴ്സ്

| | | | |
|---|---|---|---|
| | | | മേൽ പറഞ്ഞ അസ്സസ്മെന്റ് എല്ലാ വിഭാഗങ്ങൾക്കും 70 ശതമാനം മാർക്കിൽ കൂടുതൽ ലഭിക്കുകയാണെങ്കിൽ സ്ഥാപനത്തെ നാഷണൽ ലെവൽ അസ്സസ്മെന്റിലേക്കായി പരിഗണിക്കുന്നതാണ്. എൻ.എച്ച്.എസ്.ആർ.സി. നിയമിക്കുന്ന 2 അംഗ പരിശോധനാ സംഘം 2 ദിവസം പ്രാഥമികാരോഗ്യ കേന്ദ്രം സന്ദർശിച്ച് പരിശോധന നടത്തുകയും ആ പരിശോധനയിൽ താഴെ പറയുന്ന എല്ലാ മാനദണ്ഡങ്ങളും പാലിച്ചു എന്ന് ഉറപ്പു വരികയാണെങ്കിൽ എൻ.എച്ച്.എസ്.ആർ.സി. കേന്ദ്ര ഗവൺമെന്റിന് എൻ.ക്യൂ.എ.എസ്. അംഗീകാരത്തിനായി ശുപാർശ നൽകുകയും കേന്ദ്ര ഗവൺമെന്റ് എൻ.ക്യൂ.എ.എസ്. അംഗീകാരം നൽകുകയും ചെയ്യുന്നു.<br>1. മൊത്തം സ്കോർ 70 ശതമാനത്തിനു മുകളിൽ<br>2. എല്ലാ ഡിപ്പാർട്ടുമെന്റുകളിലും 70 ശതമാനത്തിനു മുകളിൽ സ്കോർ<br>3. എല്ലാ ഏര്യാ ഓഫ് കൺസേണുകളിലും 70 ശതമാനത്തിനു മുകളിൽ സ്കോർ<br>4. എല്ലാ സ്റ്റാന്റേർഡുകളിലും 50 ശതമാനത്തിനു മുകളിൽ സ്കോർ<br>5. ഗുണഭോക്താക്കളുടെ സംതൃപ്തി സ്കോർ 65 ശതമാനത്തിന് മുകളിൽ |
| (സി) | പ്രാഥമിക തലത്തിലുള്ള ആരോഗ്യ സേവന സ്ഥാപനങ്ങളെ ശാക്തീകരിക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (സി) | ത്രിതല ആരോഗ്യ സംവിധാനത്തിന്റെ നെടുംതൂണായ പ്രാഥമികാരോഗ്യ സംവിധാനങ്ങളെ നമ്മുടെ നാട്ടിലെ ജനങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ പരിഹരിക്കുന്ന രീതിയിൽ പരിവർത്തനപ്പെടുത്താനും ശക്തിപ്പെടുത്താനുമുള്ള ബഹുവിധ പ്രവർത്തനങ്ങൾ ആർദ്രം മിഷന്റെ ഭാഗമായും വിവിധങ്ങളായ സംസ്ഥാന ദേശീയ ആരോഗ്യ പരിപാടിയുടെ ഭാഗമായും നടത്തി വരുന്നു.<br>• പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം മിഷനിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റിക്കൊണ്ടിരിക്കുന്നു. ഇവിടങ്ങളിൽ അധിക ഡോക്ടർമാരുടേയും സ്റ്റാഫ് നേഴ്സിന്റെയും, ഫാർമസിസ്റ്റിന്റെയും തസ്തികകൾ സൃഷ്ടിച്ചും ലബോറട്ടറി സൗകര്യം ഒരുക്കി ലാബ് ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിച്ചും ലാബ് സൗകര്യം അടക്കമുള്ള സേവനങ്ങളും നൽകി വരുന്നു.<br>• നഴ്സസ് പ്രീ ചെക്ക് അപ്, എൻ.സി.ഡി. ക്ലിനിക്കുകൾ, ശ്വാസ്, ആശ്വാസ് ക്ലിനിക്കുകൾ തുടങ്ങിയവ വഴി ഈ സ്ഥാപനം വഴിയുള്ള സേവനങ്ങൾ വിപുലപ്പെടുത്തുന്നുണ്ട്. പ്രവർത്തന |

| | | | |
|---|---|---|---|
| | | | സമയം വൈകുന്നേരം 6 മണിവരെയായി ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>• ഉപകേന്ദ്ര ക്ലിനിക്കുകളും ഫീൽഡ് തല പ്രവർത്തനങ്ങളും ശക്തിപ്പെടുത്തികൊണ്ടുള്ള ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ രോഗ പ്രതിരോധം, റീഹാബിലിറ്റേറ്റീവ്, പാലിയേറ്റീവ് പരിചരണങ്ങൾ ശക്തിപ്പെടുത്തിവരുന്നു.<br>• രോഗീസൗഹൃദമായ രീതിയിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി മെച്ചപ്പെട്ട രജിസ്ട്രേഷൻ കൗണ്ടറുകൾ ടോക്കൺ സിസ്റ്റം, സൗകര്യപ്രദമായ വെയിറ്റിംഗ് ഏരിയ, ഇരിപ്പിടങ്ങൾ, കുടിവെള്ളം, ടോയ്‌ലെറ്റ് സംവിധാനങ്ങൾ, ആരോഗ്യ ബോധവൽക്കരണ സംവിധാനങ്ങൾ എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ അടിസ്ഥാന വികസന പ്രവർത്തനങ്ങളും താൽക്കാലികമായ ജീവനക്കാരെ നിയമിച്ചുകൊണ്ടുമാണ് ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് പ്രോഗ്രാമും നടപ്പിലാക്കിവരുന്നു.<br>• പകർച്ചവ്യാധി നിയന്ത്രണ പരിപാടി (ആരോഗ്യ ജാഗ്രത ഉൾപ്പെടെ) എൻ.സി.ഡി. പ്രോഗ്രാം (ജീവിത ശൈലീ രോഗ നിയന്ത്രണ പ്രവർത്തനം) സമ്പൂർണ്ണ മാനസിക ആരോഗ്യ പരിപാടി, ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ വഴിയുള്ള മാതൃ-ശിശു ആരോഗ്യ പരിപാടികൾ, ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം തുടങ്ങിയ വിവിധ പ്രോഗ്രാമുകളുടെ ഘടകങ്ങളും താഴെ തട്ടിൽ ഏകോപിപ്പിച്ച് പ്രാഥമിക ആരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തുവാനുള്ള നടപടികളും നടത്തി വരുന്നു.<br><br>പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് ഒന്നാംഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കായി 23 കോടി രൂപയും രണ്ടാം ഘട്ടത്തിൽ തിരഞ്ഞെടുത്ത 504 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് 95.55 കോടി രൂപയും (പ്ലാൻ ഫണ്ട് + എൻ.എച്ച്.എം.ഫണ്ട്) അനുവദിച്ചിട്ടുണ്ട്. ഒന്നാംഘട്ടത്തിലെ 170 സ്ഥാപനങ്ങളിൽ 159 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചു. രണ്ടാം ഘട്ടത്തിലെ 504 സ്ഥാപനങ്ങളിൽ 7 എണ്ണത്തിന്റെ പണി |

പൂർത്തീകരിച്ചു. 71 എണ്ണത്തിന്റെ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. 144 എണ്ണത്തിന്റെ ടെണ്ടർ നടപടികൾ കഴിഞ്ഞ് പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുവാൻ കഴിയുന്നതാണ്. 2019-20 സാമ്പത്തിക വർഷത്തിൽ 220 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കായി 34.1 കോടി രൂപയും 728 കുടുംബാരോഗ്യ ഉപകേന്ദ്രങ്ങളുടെ നവീകരണത്തിന് 50.96 കോടി രൂപയും എൻ.എച്ച്.എം. മുഖേന അനുവദിച്ചിട്ടുണ്ട്. അവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് ദേശീയ ആരോഗ്യ ദൗത്യവും, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൂട്ടായി നടപടി സ്വീകരിച്ചു വരുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് താഴെ പറയുന്ന പ്രവർത്തികൾ നടത്തി വരുന്നു.

രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷന്മാർക്കും, ഭിന്നശേഷിക്കാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ്, രോഗിയുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, കാത്തിരിപ്പ് മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ, കുടിവെള്ള വിതരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മെച്ചപ്പെട്ട ലാബ് സൗകര്യങ്ങൾ, നേഴ്സുമാരുടെ പ്രീ ചെക്കപ്പ് കൗൺസലിംഗ് സംവിധാനം, ഫാർമസി, ഇമ്മ്യൂണേസേഷൻ മുറി, ശ്വാസ്, ആശ്വാസ് സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾ എന്നിവ കുടുംബാരോഗ്യ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കി വരുന്നു.

ഇതുകൂടാതെ സ.ഉ.(എം.എസ്.) നം. 58/17/ആ.കു.വ., തീയതി: 22/04/2017 പ്രകാരം 75 സ്ഥാപനങ്ങളെ താലൂക്ക് ആശുപത്രികളുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. കാഷ്വാലിറ്റി സംവിധാനം ബാലുശ്ശേരി ഒഴികെയുള്ള താലൂക്കാശുപത്രികളിൽ പ്രവർത്തിച്ചുവരുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി മിനിമം അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി ജി.ഒ.(ആർ.റ്റി.) നം. 2196/2018/ആ.കു.വ., തീയതി 07/07/2018 പ്രകാരം ഒരു ജില്ലയിൽ രണ്ടു വീതം ആകെ 28 താലൂക്കാശുപത്രികളെ തിരഞ്ഞെടുക്കുകയും ഇവിടങ്ങളിൽ ഗ്യാപ്

ർ

അനാലിസിസ് നടത്തി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മലപ്പുറം, പത്തനംതിട്ട, സുൽത്താൻബത്തേരി എന്നിവിടങ്ങളിൽ പുതുതായി പബ്ലിക് ഹെൽത്ത് ലാബുകളും മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയും ആരംഭിച്ചിട്ടുണ്ട്.

**ഇ-ഹെൽത്ത് പദ്ധതി**

നിലവിലെ സാഹചര്യത്തിൽ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്ന വ്യക്തികളുടെ ചികിത്സാ രേഖകൾ ഭാവി ആവശ്യകത കണക്കിലെടുത്ത് സൂക്ഷിച്ച് സംരക്ഷിക്കുക പ്രയാസമേറിയ സംഗതിയാണ്. ഒരാളുടെ ജീവിതത്തിൽ കേവലം മുപ്പതു ദിവസം മാത്രം വളർച്ചയെത്തിയ ഭ്രൂണാവസ്ഥ മുതൽ ജീവിതാവസാനം വരെയുള്ള ആരോഗ്യ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി ക്രോഡീകരിച്ച് സൂക്ഷിക്കുകയും പൊതുജനാരോഗ്യ രംഗത്തെ എല്ലാ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി വ്യക്തി കേന്ദ്രീകൃത ചികിത്സയ്ക്കും പ്രതിരോധത്തിനും അവസരം ഉണ്ടാക്കുന്നതോടൊപ്പം വിവിധ സർക്കാർ ആശുപത്രികളിലെ ഒ.പി. രജിസ്ട്രേഷൻ മുതൽ രോഗീ പരിശോധനയും ചികിത്സാക്രമങ്ങളും ഭരണ നിർവ്വഹണവും ഉൾപ്പെട സമഗ്ര മേഖലകളിലെയും പ്രവർത്തനങ്ങൾ സംയോജിതമായ ഒരു സോഫ്റ്റ്‌വെയർ സിസ്റ്റം മുഖേന ക്രോഡീകരിച്ച് ശാസ്ത്രീയവും ഫലപ്രദമവുമായ പുനരുപയോഗത്തിന് സജ്ജമാക്കി, ഉപഭോക്താക്കൾക്ക് ആയാസ രഹിതവും രോഗീ സൗഹൃദവുമായ വിധത്തിൽ കടലാസ് രഹിതമാക്കികൊണ്ട് വേഗതയും കൃത്യതയും പ്രദാനം ചെയ്യുന്ന ചികിത്സാ സംവിധാനം വിവര സാങ്കേതിക വിദ്യയുടെ പിൻബലത്തോടെ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളാണ് ഇ.-ഹെൽത്ത് പ്രൊജക്റ്റ് എന്ന പദ്ധതിയിലൂടെ നടപ്പാക്കി വരുന്നത്.

ഒരു പൗരന് ഒരു ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡ് (ഇ.എച്ച്.ആർ) എന്ന ലക്ഷ്യത്തിലൂന്നിയുള്ള ഇ-ഹെൽത്ത് പ്രൊജക്റ്റ് -ന്റെ പൈലറ്റ് പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഏഴ് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികളിലും ഇ-ഹെൽത്ത്

| | | | |
|---|---|---|---|
| | | | പ്രോജക്ട് അനുസരിച്ചുള്ള മാറ്റങ്ങൾ കൊണ്ടുവരാനും മറ്റ്<br>ജില്ലകളിൽ കൂടി ഇതിന്റെ പ്രവർത്തനം<br>വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>ഇതിനുവേണ്ടി സംസ്ഥാനത്തെ എല്ലാ<br>ആശുപത്രികളേയും കമ്പ്യൂട്ടർ ശൃംഖല മുഖേന<br>ബന്ധപ്പെടുത്തി അതാതു ആശുപത്രികൾക്ക്<br>ആവശ്യമായ യു.പി.എസ്. വയറിംഗ്, കേബിൾ നെറ്റ്<br>വർക്കിംഗ് സ്ഥാപിക്കുന്നതിനും ഒന്നിലധികം<br>ബ്രോഡ്ബാൻഡ് കണക്ഷൻ നൽകികൊണ്ട് കമ്പ്യൂട്ടറും<br>അനുബന്ധ ഉപകരണങ്ങളും പ്രവർത്തന<br>സജ്ജമാക്കുന്നതിനും ഘട്ടം ഘട്ടമായി നടപടി<br>സ്വീകരിച്ചുവരികയാണ്. തിരുവനന്തപുരം ജില്ലയിൽ<br>തെരഞ്ഞെടുക്കപ്പെട്ട മുപ്പതു കേന്ദ്രങ്ങളിൽ ഇതിനകം ഇ-<br>ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആർദ്രം<br>പദ്ധതി പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളായി<br>പരിവർത്തനം ചെയ്യപ്പെട്ട 170 കേന്ദ്രങ്ങളിലും<br>തിരുവനന്തപുരം ജില്ലയിലെ മുഴുവൻ സർക്കാർ<br>ആശുപത്രികളിലും സംസ്ഥാനത്തെ എല്ലാ സർക്കാർ<br>മെഡിക്കൽ കോളേജുകളിലും ഈ പദ്ധതി<br>നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നു<br>വരുന്നു. പൊതുജനാരോഗ്യ സംരക്ഷണത്തിന്റെ<br>ഭാഗമായ പ്രവർത്തനങ്ങൾ, പകർച്ചവ്യാധി<br>നിർമ്മാർജ്ജനം, രോഗം പടരാനുള്ള സാധ്യതകൾ<br>മുൻകൂട്ടി മനസ്സിലാക്കുന്നതിനും, അപകടകരമായ<br>വ്യാപനം പ്രവചിക്കുന്നതിനും, പ്രതിരോധ<br>പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും,<br>ഊർജ്ജിതമാക്കുന്നതിനും പകർച്ച വ്യാധി നിയന്ത്രണ<br>വിധേയമാക്കുന്നതിനും ഇ-ഹെൽത്ത് പ്രോജക്ട്<br>നടപ്പിലാക്കുന്നതിലൂടെ അതിവേഗം കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ